**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1938** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കാട്ടിൻമേക്കതിൽ ക്ഷേത്രത്തിൽ എത്തുന്നതിനായി കായംകുളം, കരുനാഗപ്പള്ളി ഡിപ്പോകളിൽ നിന്നും വെള്ളനാത്തുരുത്ത് വഴി കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കരുനാഗപ്പള്ളി യൂണിറ്റിൽ നിന്നും വെള്ളനാത്തുരുത്ത് വഴി കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേയ്ക്ക് 2023 നവംബർ 17 മുതൽ 28-ാം തീയതി വരെ ക്ഷേത്രഭരണ സമിതിയുടെ പ്രത്യേക ആവശ്യപ്രകാരം സ്പെഷ്യൽ സർവീസുകൾ നടത്തിയിരുന്നു. പ്രസ്തുത സർവീസ് KMML കമ്പനിയുടെ പ്രധാന മൈനിംഗ് ഏര്യയിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ സുരക്ഷാകാരണങ്ങൾ മുൻനിർത്തി 2023 നവംബർ 30-ന് ശേഷം സർവീസ് തുടരുന്നതിന് അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത സർവീസുകൾ പൂർണ്ണമായും നിർത്തി വച്ചിരിക്കുകയാണ്. KMML, പന്മന ഗ്രാമപഞ്ചായത്ത് എന്നിവരുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും ശങ്കരമംഗലം വഴി യാത്രക്കാരുടെയും ഭക്തജനങ്ങളുടെയും സൗകര്യാർത്ഥം കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേയ്ക്ക് ആവശ്യമായ സർവീസ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ